**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447** **02-11-2021 - ൽ മറുപടിയ്ക്ക്**

**കായിക വിനോദത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാന സൗകര്യവികസനം വിവിധ തലങ്ങളിലായി നടപ്പിലാക്കി വരുന്നു. എല്ലാ പഞ്ചായത്തുകളിലും ഒരു പൊതു കളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും, 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളുടെ വികസനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായിക വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, നവീകരണം, പുനരുദ്ധാരണം എന്നിവ നടപ്പിലാക്കി വരുന്നു. കായിക യുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന പ്ലാൻ ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം പുതിയ സ്റ്റേഡിയങ്ങളും വിവിധ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും നിർമ്മാണം നടന്നു വരുന്നതുമായ സ്റ്റേഡിയങ്ങൾ കൂടാതെ 35-ാം ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നവീകരണവും പരിപാലനവും നടന്നു വരികയാണ്. കളിക്കളങ്ങൾക്ക് പുറമെ പരിശീലകരെ വാർത്തെടുക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ, സ്പോർട്സ് മെഡിസിൻ സെന്ററുകൾ, സ്പോർട്സുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഉപകരണങ്ങളുടെ ഉൽപാദനം, സ്പോർട്സ് സിറ്റികൾ സ്ഥാപിക്കുക തുടങ്ങി സ്വകാര്യ മേഖലയിലും, പൊതുമേഖലയിലുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ വളർന്ന വരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും, നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ട് വന്ന് സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പും പരിപാലനവുമാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്തുകൾ, സർക്കാർ/എയ്ഡഡ് സ്കൂളുകൾ, കായിക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്ന അംഗീകൃത ക്ലബ്ബുകൾ എന്നിവയ്ക്ക് കളിസ്ഥല നവീകരണത്തിനും കായികോപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി കായിക വികസന നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി ദേശീയ, അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങളും, നീന്തൽക്കുളങ്ങളും, ജിംനേഷ്യങ്ങളും നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | ഗ്രാമീണ കളിക്കളങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ; | (ബി) | ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ |

| | | | |
|---|---|---|---|
| | | | ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | നാടൻ കളികൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നാടൻ കളികളായ കബഡി, ഖോ-ഖോ, വടംവലി, ആട്യപാട്യ (കിളിത്തട്ട് കളി), തുടങ്ങിയ കളിയിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ടി കളിയിനങ്ങളിലെ സംഘടനകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുകയും പ്രസ്തുത കളിയിനങ്ങളിൽ വർഷം തോറും ജില്ല, സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ടി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് കായിക സംഘടനകൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നിയമപ്രകാരം അർഹമായ ഗ്രാന്റ് അനുവദിച്ചു വരുന്നുണ്ട്. കൂടാതെ നാടൻ കളിയിനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് കബഡി, ഖോ-ഖോ എന്നീ കളിയിനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

**I. കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) |
|---|---|---|---|
| 1 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.77 |
| 2 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 70.56 |
| 3 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.98 |
| 4 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 42.27 |
| 5 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 71.27 |
| 6 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | – |
| 7 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | 17.04 |
| 8 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 രണ്ട് പദ്ധതികൾക്കായി | 6.82 |
| 9 | കൊടുമൺ സ്റ്റേഡിയം | 15.86 | 14.10 |
| 10 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | 13.05 |
| 11 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | 9.40 |
| 12 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 | 56.19 |
| 13 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | 7.67 |
| 14 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | 14.094 |
| 15 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 15.83 |

| | | | |
|---|---|---|---|
| 16 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 10.64 |
| 17 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | 8.62 |
| 18 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | 13.10 |
| 19 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | |

**II. ഖേലോ ഇന്ത്യ പദ്ധതി പ്രകാരം നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) |
|---|---|---|
| 1 | തൃശ്ശൂർ കുന്നംകുളം ഗവ. മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ അത്‌ലറ്റിക് ട്രാക്ക് നിർമ്മാണം | 7.00 |
| 2 | കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിലെ അത്‌ലറ്റിക് ട്രാക്ക് നിർമ്മാണം | 7.00 |



S.O